KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പത്രക്കുറിപ്പ്                                                                                     13.01.2024

**കോഴിക്കോടിനെ നോൺ ലെതർ  ഫുട് വെയർ**

**വ്യവസായത്തിൻറെ ഇന്ത്യയിലെ ഹബ്ബ് ആക്കാനാകും: മന്ത്രി പി രാജീവ്**

കോഴിക്കോട്: കോഴിക്കോടിനെ നോൺ ലെതർ ഫുട് വെയർ വ്യവസായത്തിൻറെ ഇന്ത്യയിലെ ഹബ്ബ് ആക്കി മാറ്റാൻ സാധിക്കുമെന്ന് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ്. ലെതർ ഫുട് വെയർ വ്യവസായത്തിൽ വലിയ പാരമ്പര്യമാണ് കോഴിക്കോടിനുള്ളത്. ഇത് പ്രയോജനപ്പെടുത്താനും കോഴിക്കോടിനെ ഈ വ്യവസായത്തിൽ ബ്രാൻഡ് ചെയ്യാനും വ്യവസായികൾ മുന്നോട്ടുവരണമെന്നും മന്ത്രി പറഞ്ഞു. കേരള ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷനും (കെഎസ്ഐഡിസി) ഫുട് വെയർ  ഡിസൈൻ ആൻഡ് ഡവലപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടും (എഫ്ഡിഡിഐ) ചേർന്ന് കോഴിക്കോട്ട് സംഘടിപ്പിച്ച ഇൻവെസ്റ്റർ കോൺക്ലേവ്-2024 എന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കോഴിക്കോടിന് ഏറെ സാധ്യതയുള്ള വ്യവസായമാണ് ചെരിപ്പ് വ്യവസായം. ലെതർ  ഫുട് വെയർ  ഇൻഡസ്ട്രിയിൽ കോഴിക്കോട് പ്രൗഢി വീണ്ടെടുക്കുന്ന പ്രവർത്തനം നടത്തിയാൽ അത് കേരളത്തിലെ വ്യവസായ മേഖലയ്ക്കാകെ ഗുണം ചെയ്യുമെന്നും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാകുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. മറ്റ് ജില്ലകളിലെ പ്രവണത കണക്കിലെടുത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കോഴിക്കോട്ടെ സംരംഭകർ മുൻകൈയെടുക്കണം. സംസ്ഥാനത്തെ സ്വകാര്യ വ്യവസായ പാർക്കുകൾ മാർച്ചോടെ 35 ആകും. നിലവിൽ 20 എണ്ണത്തിന് അംഗീകാരം നൽകിക്കഴിഞ്ഞു.

കേരളത്തിലെ എംഎസ്എംഇ മേഖലയുടെ പ്രവർത്തനം ഏറെ പ്രതീക്ഷ നൽകുന്നതാണെന്ന് മന്ത്രി പറഞ്ഞു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ എംഎസ്എംഇകളുടെ പ്രവർത്തനത്തിൽ പ്രതിസന്ധി കുറവാണെന്ന് കണക്കുകൾ

സൂചിപ്പിക്കുന്നു. 2021-22 ൽ ബാങ്കുകൾ കേരളത്തിലെ എംഎസ്എംഇകൾക്ക് നൽകിയത് 50,000 കോടി രൂപയുടെ വായ്പയാണ്. നടപ്പു സാമ്പത്തവർഷം ഒമ്പത് മാസത്തിൽ എംഎസ്എംഇകൾക്ക് 81,000 കോടി രൂപയാണ് ബാങ്കുകൾ ലോൺ നൽകിയത്. ഇത് ഈ മേഖലയുടെ പ്രവർത്തനക്ഷമതയെയാണ് സൂചിപ്പിക്കുന്നത്. എംഎസ്എംഇകലെ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുന്നതിനായുള്ള മിഷൻ 1000 പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഫുട് വെയർ വ്യവസായത്തിന് കോഴിക്കോടിൻറെ ചരിത്രപരമായ പ്രാധാന്യം നിലനിർത്തി ഉത്പാദനം കൂട്ടാനും ഉന്നത നിലവാരമുള്ള ഉത്പന്നങ്ങളും പുതിയ മൂല്യവർധിത ഉത്പന്നങ്ങളും പുറത്തിറക്കാനും ലക്ഷ്യമിടണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. പുത്തൻ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിലൂടെ ദേശീയ, അന്തർദേശീയ വിപണി കണ്ടെത്താൻ ശ്രമിക്കണമെന്നും മുഹമ്മദ് ഹനീഷ് പറഞ്ഞു.

കോഴിക്കോട്ടെ ഫുട് വെയർ മേഖലയുടെ വലിയ സാധ്യതകൾ പ്രയോജനപ്പെടുത്താനും മേഖലയുടെ വികസനത്തിനായി കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരാനുമാണ് കോൺക്ലേവ് ലക്ഷ്യമിടുന്നതെന്ന സ്വാഗതം ആശംസിച്ച കെഎസ്ഐഡിസി എംഡിയും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ പറഞ്ഞു.

ഒരു ഫാഷൻ ഇൻഡസ്ട്രി എന്ന നിലയിലേക്ക് വളർച്ച പ്രാപിച്ചിരിക്കുന്ന ഫുട് വെയർ വ്യവസായത്തിൻറെ മാറ്റം തിരിച്ചറിഞ്ഞു കൊണ്ടുള്ള നവീകരണം ഈ മേഖലയിൽ കൊണ്ടുവരണമെന്ന് എഫ്ഡിഡിഐ എംഡി കേണൽ പങ്കജ് കുമാർ സിംഹ പറഞ്ഞു. കോഴിക്കോട് ഉൾപ്പെടെയുള്ള കേരളത്തിൻറെ നോൺ ലെതർ ഫൂട് വെയർ വ്യവസായത്തിൻറെ സമ്പന്നമായ പാരമ്പര്യം ഈ മേഖലയിൽ പ്രയോജനപ്പെടുത്താനാകുമെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട്ടെ ലെതർ ഫുട് വെയർ വ്യവസായികൾക്ക് ഈ മേഖലയിലെ പുതിയ സാങ്കേതികതകളും സാധ്യതകളും പരിചയപ്പെടാനും വ്യവസായത്തിൽ അതിനനുസരിച്ചുള്ള

മാറ്റങ്ങൾ വരുത്താനുമുള്ള സാഹചര്യം ഒരുങ്ങണമെന്ന് കെഎസ്ഐഡിസി ഡയറക്ടറും ആൾ ഇന്ത്യ എംഎസ്എംഇ ഫുട് വെയർ കൗൺസിൽ ചെയർമാനുമായ വികെസി റസാക്ക് പറഞ്ഞു.

കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രഞ്ജിത് ബാബു, കെഎസ്ഐഡിസി അസിസ്റ്റൻറ് ജനറൽ മാനേജർ സുനി പിഎസ് എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന സെഷനുകൾ എഫ്ഡിഡിഐ എക്സിക്യൂട്ടീവ് ഡയറക്ടറും കോഴിക്കോട് മുൻ കളക്ടറുമായ ഡോ. നരസിംഹുഗാരി ടി എൽ റെഡ്ഡി, എഫ്ഡിഡിഐ ചെന്നൈ ഫാക്കൽറ്റിമാരായ പ്രിൻസ് ജോസഫ്, ഡി രമേഷ്, രാജേഷ് നായർ എന്നിവർ നയിച്ചു.ജനുവരി 20 മുതൽ 23 വരെ കൊച്ചിയിൽ നടക്കും. കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് നടന്ന ആദ്യ പതിപ്പ് വലിയ വിജയമായിരുന്നു. കേരളത്തിലെ തോട്ടം ഉത്പന്നങ്ങളുടെ ആഗോള, ആഭ്യന്തര ആവശ്യം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എക്സ്പോ മുന്നോട്ടുവയ്ക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## Kozhikode can become country's non-leather footwear hub: Industries Minister Shri Rajeeve inaugurates 'Investor Conclave 2024'

**Kozhikode, Jan 13**: Highlighting the famed tradition of Kozhikode in footwear industry, Minister for Industries, Law and Coir Shri P. Rajeeve said today that the area has immense potential to become India's non-leather footwear industrial hub.

Inaugurating the 'Investor Conclave 2024', organised by Kerala State Industrial Development Corporation (KSIDC) in association with Footwear Design and Development Institute (FDDI) here, Shri Rajeeve urged entrepreneurs to come forward to harness the rich tradition of Kozhikode in the leather industry and create a brand of its own.

Noting that footwear industry has huge possibilities, Shri Rajeeve said by reviving the industry, Kozhikode could create more job opportunities, besides benefitting Kerala's industry sector as a whole.

"In line with the progress being made by other districts in the private industrial park sector, entrepreneurs of this district should also take initiative for setting up industrial parks. By March this year, the total number of private industrial parks in the state will

be around 35 and the government has already given approval for 20 more parks," he said.

Commenting that the activities of micro, small and medium enterprises (MSMEs) sector in Kerala are highly promising, Shri Rajeeve said figures show that MSMEs in the state is robust compared to other states.

"In 2021-22, banks in Kerala gave loans to the tune of Rs 50,000 crore to MSMEs and in the current financial year (9 months), banks have given Rs 81,000 crore loans to MSMEs. This shows the functional strength and ability of the sector," he explained.

Shri Rajeeve added that the 'Mission 1000' that aims at scaling up 1000 MSMEs into businesses with an average annual turnover of Rs. 100 crore in a span of four years is getting tremendous response.

Shri A. P. M. Mohammed Hanish, Principal Secretary, (Industries), who presided over the function said, leveraging the centuries old tradition of Kozhikode in footwear industry, new high quality products need to be marketed apart from increasing production.

Shri Hanish said while branding new products, entrepreneurs need to find out new domestic and global markets.

Director of Industries and Commerce and Managing Director KSIDC Shri S. Harikishore, in his welcome address, said the conclave aims to elicit innovative methods for the development of footwear sector in the district.

In his special address, Col. Pankaj Kumar Sinha, Managing Director, FDDI, highlighted the need for a thorough overhaul in footwear sector in tune with the current trends in the industry.

Shri V K C Razzak, Chairman, All India MSME Footwear Council & Director, KSIDC, said it was vital for creating an environment for footwear industrialists to familiarise with new technologies and possibilities in the sector.

Shri Ranjith Babu, General Manager, DIC, Kozhikode; and Ms Suni P S, Assistant General Manager, KSIDC, also spoke.

Dr Narasimhugari TL Reddy, Executive Director, FDDI and former Collector, Kozhikode; and FDDI Chennai faculty members Shri Prince Joseph, Shri D Ramesh and Shri Rajesh Nair led various sessions at the conclave.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937